LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം ഇന്ത്യയിലെ ആദ്യത്തെ ബഹുജനപങ്കാളിത്തത്തോടെയുള്ള (PPP മോഡൽ) വിമാനത്താവളമാണ്. ഈ വിമാനത്താവളം ഇന്ത്യക്കുതന്നെ മാതൃകയാവുകയും അതേ മാതൃകയിലുള്ള വിമാനത്താവളങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ വന്നുകൊണ്ടിരിക്കുകയുമാണ്. ഈ വിമാനത്താവളം വന്നത് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ കെ. കരുണാകരൻ എന്ന ഭരണാധികാരിയുടെ ഇച്ഛാശക്തിയുടെ ഫലമായിട്ടാണ്. അന്ന് പല എതിർപ്പുകളും വിമർശനങ്ങളുമുണ്ടായെങ്കിലും അതൊന്നും വകവയ്ക്കാതെ ഈ വിമാനത്താവളം കേരളത്തിന്റെ വികസനത്തിന് ആവശ്യമാണെന്ന് കാണുകയും അതനുസരിച്ച് അദ്ദേഹമെടുത്ത നിലപാടുമായി മുന്നോട്ടുപോവുകയും ചെയ്തതിന്റെ ഫലമായിട്ടാണ് ഇത് യാഥാർത്ഥ്യമായത്. ഇന്ന് ലോകത്തിലെ അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ ഇൻവെസ്റ്റ്മെന്റ് പ്രോഫിറ്റ് റേഷ്യോ പരിശോധിച്ചാൽ ഏറ്റവും കുറഞ്ഞ ഇൻവെസ്റ്റ്മെന്റും കൂടിയ പ്രോഫിറ്റുമുള്ള ലോകത്തിലെ അഞ്ചാമത്തെ അന്താരാഷ്ട്ര വിമാനത്താവളമാണിത്. ഇന്ന് ആ വിമാനത്താവളത്തിന്റെ പേര് കൊച്ചിൻ അന്താരാഷ്ട്ര വിമാനത്താവളം ലിമിറ്റഡ് (സിയാൽ) എന്നാണ് അന്താരാഷ്ട്ര ദേശീയ സംസ്ഥാന വ്യോമയാന രേഖകളിലെല്ലാം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്. പേര് മാറ്റുന്ന വിഷയം കമ്പനിയുടെ നയപരമായ കാര്യമായതിനാൽ സിയാൽ-ന്റെ ഡയറക്ടർ ബോർഡിന്റെ ശുപാർശ പ്രകാരം കമ്പനിയുടെ വാർഷിക പൊതുയോഗത്തിലാണ് തീരുമാനിക്കേണ്ടത്. പേര് മാറ്റുവാൻ ഇന്ത്യാ ഗവൺമെന്റിന്റെ അംഗീകാരവും നേടേണ്ടതുണ്ട്. ഇവിടെ പറഞ്ഞ നിർദ്ദേശം കുറെ നാളുകളായി പല കേന്ദ്രങ്ങളിൽ നിന്ന് വന്നിട്ടുള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സഭയിൽ ഇങ്ങനെയൊരു സബ്മിഷനവതരിപ്പിച്ച സാഹചര്യത്തിൽ അടുത്ത ഡയറക്ടർ ബോർഡ് യോഗത്തിൽ ഈ പ്രശ്നമുന്നയിക്കും. കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന് കെ. കരുണാകരന്റെ പേര് വന്നിട്ടില്ലെങ്കിലും അദ്ദേഹത്തിന്റെ ഇച്ഛാശക്തിയുടെ പ്രതീകമായിട്ടാണ് ആ വിമാനത്താവളം നിലനിൽക്കുന്നത്. കെ. കരുണാകരന്റെ പേര് വിമാനത്താവളത്തിന് നൽകുന്നത് സംബന്ധിച്ച് അടുത്ത ബോർഡ് യോഗത്തിൽ ചർച്ച ചെയ്യുന്നതാണ്.

(3) ആർക്കിടെക്ട്സ് ആക്ട് നടപ്പിലാക്കൽ

ശ്രീ. എ. പ്രദീപ്കുമാർ : സർ, 1972-ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ ദി ആർക്കിടെക്ട്സ് ആക്ട് ഇതുവരെ കേരളത്തിൽ നടപ്പിലാക്കാത്തതിനെക്കുറിച്ചാണ് ഉന്നയിക്കുന്നത്. ഏറ്റവും മികച്ച ആർക്കിടെക്ടിന്റെ മികവുറ്റ സേവനം സർക്കാരിനും സമൂഹത്തിനും ലഭ്യമാക്കാനുദ്ദേശിച്ചാണ് 1972-ൽ പാർലമെന്റ് ഈ ആക്ട്

LIBRARY ARCHIVES Kerala Legislative Assembly

പാസ്സാക്കിയത്. ഇന്ന് ആധുനിക സാങ്കേതിക വിദ്യയും സൗന്ദര്യബോധവും സമന്വയിപ്പിച്ച വികസന പദ്ധതികളും നിർമ്മിതികളുംവഴി ഏറ്റവും മെച്ചപ്പെട്ട ജീവിതാന്തരീക്ഷം ലഭ്യമാക്കുകയെന്നത് ഒരു ജനതയുടെ അവകാശമായിട്ടാണ് കാണുന്നത്. 1972-ലെ ആർക്കിടെക്ട്സ് ആക്ട് വിഭാവനം ചെയ്യുന്നതും ഈ കാര്യം തന്നെയാണ്. ആർക്കിടെക്ടിന്റെ കടമകളും ഉത്തരവാദിത്തങ്ങളും രൂപകല്പനയിൽ വേണ്ട മറ്റ് മാർഗ്ഗനിർദ്ദേശങ്ങളും ഈ ആക്ടിൽ വ്യക്തമായി നിർവ്വചിച്ചിട്ടുണ്ട്. ഇതിന്റെ ചട്ടങ്ങളും മറ്റും തുടർന്നുണ്ടായിട്ടുമുണ്ട്. കേരളത്തിന് ഇതൊന്നും ബാധകമല്ലെന്ന രീതിയിലാണ് ഇപ്പോൾ കാര്യങ്ങൾ പോകുന്നത്. നമ്മുടെ ആവശ്യങ്ങൾ നിറവേറ്റാത്ത വളരെ ദുർബ്ബലമായ ആർക്കിടെക്ട് ഡിപ്പാർട്ടുമെന്റാണ് പി.ഡബ്ല്യു.ഡി.ക്കുള്ളത്. ടൂറിസം ഡിപ്പാർട്ടുമെന്റും പി.ഡബ്ല്യു.ഡി.-യുമൊക്കെ പ്രൈവറ്റ് ആർക്കിടെക്ടിന്റെ സേവനം ഔട്ട്സോഴ്സ് ചെയ്യുന്നുണ്ട്. എന്നാൽ ആർക്കിടെക്ടിനെ തെരഞ്ഞെടുക്കുകയും ചുമതല ഏൽപ്പിക്കുകയും ചെയ്യുന്ന പ്രക്രിയ പാർലമെന്റ് പാസ്സാക്കിയ ആക്ട് നിഷ്കർഷിക്കുന്ന വിധത്തിലല്ല ഇപ്പോൾ നടക്കുന്നത്. കാലഹരണപ്പെട്ട വളരെ പ്രാകൃതമായ പി.ഡബ്ല്യു.ഡി. മാന്വലിൽ പറയുംപ്രകാരം ഡിസൈൻ ക്ഷണിക്കുകയും ടെക്നിക്കൽ ബിഡ്ഡിലൂടെ മികച്ച ഡിസൈൻ തെരഞ്ഞെടുത്തുകഴിഞ്ഞാൽത്തന്നെ ഫിനാൻഷ്യൽ ആയിട്ടുള്ള പ്രശ്നം വരും. അപ്പോൾ ടെക്നിക്കൽ ബിഡ്ഡിൽ പിന്നിലായിപ്പോയ ആളുകൾ കുറഞ്ഞ നിരക്ക് കാട്ടിച്ചെയ്ത് അനാരോഗ്യകരമായ മത്സരത്തിലൂടെ വർക്ക് പിടിക്കുമ്പോൾ മികച്ച ഡിസൈൻ സമർപ്പിച്ച ആളുകൾ പോവുകയും നമുക്ക് നല്ല ഡിസൈനും പ്രവൃത്തിയും നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ആളുകളെ അയോഗ്യരാക്കണമെന്ന് ആക്ടിൽ പറയുന്നുണ്ട്. മനോഹരമായ ഒരു ഡിസൈൻ സമർപ്പിക്കുക മാത്രമല്ല, പ്രവൃത്തിയുടെ ഗുണമേന്മ ഉറപ്പാക്കുക എന്നതുകൂടിയാണ് ആർക്കിടെക്ടിന്റെ ഉത്തരവാദിത്വം. അതിനാണ് നിയമം നിഷ്കർഷിക്കുന്ന ഫീസ് നമ്മൾ കൊടുക്കുന്നത്. ഈ കാര്യങ്ങളൊന്നും ഇവിടെ നടക്കുന്നില്ല. ഇതെല്ലാം നടക്കണമെങ്കിൽ 1972-ലെ ആക്ട് ഇവിടെ നടപ്പാക്കണം. അതിന് എല്ലാ ഡിപ്പാർട്ടുമെന്റുകളുടെയും എല്ലാ നിർമ്മാണ പ്രവൃത്തികളിലും ആർക്കിടെക്ടിന്റെ സേവനം ഉറപ്പുവരുത്തണം. ഡിപ്പാർട്ടുമെന്റുകൾ ആർക്കിടെക്ടിനെ തെരഞ്ഞെടുക്കുന്ന പ്രക്രിയ നിയമപരമായും സുതാര്യമായും നടക്കണം. ഇതിന് പ്രതിബന്ധം സൃഷ്ടിക്കുന്ന പി.ഡബ്ല്യു.ഡി. മാന്വലുൾപ്പെടെയുള്ള വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ചട്ടങ്ങൾ 1972-ലെ ആർക്കിടെക്ട് ആക്ടിന് വിധേയമായി പരിഷ്കരിക്കണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, 1972-ലെ ആർക്കിടെക്ട്സ് ആക്ടിന്റെയും ഗൈഡ്ലൈൻസ് ഓൺ റോൾ ഓഫ് ആർക്കിടെക്ട്സ് ഇൻ പബ്ലിക് സർവീസസിന്റെയും അടിസ്ഥാനത്തിലാണ് പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള വാസ്തുശില്പ വിഭാഗത്തിന്റെ നിലവിലുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്. ഇവിടെ നടപ്പിലാക്കിയിട്ടില്ലെന്ന് പറയുന്നത് ശരിയില്ല. ഏത് നിയമത്തിന്റെയും നടത്തിപ്പിൽ ചിലപ്പോൾ പൂർണ്ണത കാണുകയില്ല. അതിനെ മറികടക്കുന്നവർ ഉണ്ടാകാം. ഇതിന്റെ ഭാഗമായി കേരളീയ വാസ്തുശില്പ മാതൃകയുടെ തനിമ ചോരാതെ ആധുനികസൗകര്യങ്ങളെ ഇണക്കിച്ചേർത്തുകൊണ്ട് സർക്കാർ കെട്ടിടങ്ങളുടെയും അനുബന്ധ സൗകര്യങ്ങളുടെയും രൂപകല്പന നിർവ്വഹിക്കുന്നത് വാസ്തുശില്പ വിഭാഗമാണ്. കൂടാതെ സർക്കാർ കെട്ടിടങ്ങൾ വാസ്തുശില്പ വിഭാഗത്തിന്റെ രൂപകല്പനയനുസരിച്ച് നിയമാനുസൃതമായാണ് നിർമ്മിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിലേക്കായി ചീഫ് ആർക്കിടെക്ടിന്റെ കംപ്ലീഷൻ സർട്ടിഫിക്കറ്റും നിർബന്ധമാക്കിയിട്ടുണ്ട്. വാസ്തുശില്പ രൂപകല്പനയിൽ മതിയായ സാങ്കേതിക യോഗ്യതയുള്ളവരും ന്യൂഡൽഹിയിലെ കൗൺസിൽ ഓഫ് ആർക്കിടെക്ചറിൽ നിയമാനുസൃതമായി രജിസ്റ്റർ ചെയ്തിട്ടുള്ളവരുമാണ് വന്നിട്ടുള്ളത്. 1972-ലെ ആക്ടനുസരിച്ച് പൊതുമരാമത്ത് വകുപ്പിലെ ആർക്കിടെക്ടുകളുടെ സർവീസ് ചട്ടങ്ങളുടെ രൂപീകരണം ഉടനെതന്നെ നടത്തുന്നതാണ്.

(4) ജി.എഫ്.ആർ.ജി. വാൾ പാനലിന് അനുമതി

ശ്രീ. ഹൈബി ഈഡൻ : സർ, ഫാക്ട്, രാഷ്ട്രീയ കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സ് ലിമിറ്റഡ് എന്നിവയുടെ സംയുക്ത സംരംഭമായ FACT-RCF ബിൽഡിംഗ് പ്രോഡക്ട്സ് ലിമിറ്റഡ് പുറത്തിറക്കിയ GFRG (Glass Fiber Reinforced Gypsum)-നെ സംബന്ധിച്ച് ഇന്ന് രാവിലെയും ചർച്ച നടന്നിരുന്നു. ഇന്ന് വലിയ തോതിൽ ക്ഷാമം അനുഭവപ്പെടുന്ന സിമന്റ്, മണൽ, കമ്പി എന്നിവയുടെ ഉപയോഗം ഗണ്യമായി കുറയ്ക്കാൻ വാൾ പാനൽ ഉപയോഗിച്ചുള്ള ഒരു പുതിയ ടെക്നോളജിയാണിത്. വിദേശ രാജ്യങ്ങളിലെല്ലാം അവലംബിച്ച് വിജയിച്ചിട്ടുള്ള ഈ ടെക്നോളജിയുടെ മാതൃകയിൽ കെട്ടിടങ്ങൾ നിർമ്മിക്കാൻ കഴിഞ്ഞാൽ വിപ്ലവകരമായ മാറ്റം ഈ രംഗത്തുണ്ടാക്കാൻ സാധിക്കും. ഫാക്ടിന്റെ ബൈ പ്രോഡക്ടാണ് ജിപ്സം. ഏകദേശം മൂന്ന് ലക്ഷം സ്ക്വയർ ഫീറ്റ് ഇപ്പോൾത്തന്നെ വിപണിയിലിറക്കിക്കഴിഞ്ഞു. ഉജ്രോത്തിലെ ഒരു ഐ.എ.എസ്. ഓഫീസർ 15000 അംഗൻവാടികൾക്ക് ഓർഡർ കൊടുത്തു കഴിഞ്ഞു. അതുപോലെ നിരവധി പൊതുമേഖലാ സ്ഥാപനങ്ങളും ഓർഡർ കൊടുത്തിട്ടുണ്ട്. രണ്ട് പൊതുമേഖലാ സ്ഥാപനങ്ങളുടെയുംകൂടി കമ്പനിയായതു കൊണ്ട് ഇതിന്റെ ടെക്നോളജിയും